# കേരളസർവകലാശാല

നം.പി.ആർ.225/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### ബി.എഡ്.പ്രവേശനം – തീയതി നീട്ടി

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ട്രെയിനിംഗ് കോളേജുകളിലേക്കുള്ള ബി.എഡ്.പ്രവേശനത്തിന് അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി നവംബർ 22 വരെ നീട്ടിയിരിക്കുന്നു.

### പി.ജി.ഡി.എച്ച്.എഫ്.എം. കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാലയുടെ കീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ലക്ഷ്മീബായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (എൽ.എൻ.സി.പി.ഇ.) കാര്യവട്ടം, തിരുവനന്തപുരം കോളേജിലെ പി.ജി.ഡി.എച്ച്.എഫ്.എം. കോഴ്സിലേക്കുള്ള 2020 – 21 അദ്ധ്യയന വർഷത്തേക്കുള്ള അഡ്മിഷനു വേണ്ടി ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷകൾ നവംബർ 23 വരെ സ്വീകരിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### സ്പോട്ട് അഡ്മിഷൻ

കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ ഒന്നാം വർഷ ബി.ടെക് കോഴ്സുകളിലെ (ഇ.സി., സി.എസ്., ഐ.ടി.) ഒഴിവുള്ള സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ 2020 നവംബർ 18 മുതൽ 20 വരെ കോളേജ് ഓഫീസിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ 9037119776, 9846332974 എന്ന നമ്പറിലും www.ucek.in എന്ന കോളേജ് വെബ്സൈറ്റിലും ലഭ്യമാണ്.

### സീറ്റ് ഒഴിവ്

കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ ഒന്നാം വർഷ ബി.ടെക് കോഴ്സുകളിലെ (ഇ.സി., സി.എസ്., ഐ.ടി.) ഒഴിവുള്ള എൻ.ആർ.ഐ. സീറ്റുകളിലേക്കുള്ള അഡ്മിഷൻ നവംബർ 18, 10.00 മണിക്ക് കോളേജ് ഓഫീസിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ 9037119776, 9846332974 എന്ന നമ്പറിലും www.ucek.in എന്ന കോളേജ് വെബ്സൈറ്റിലും ലഭ്യമാണ്.

കേരളസർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസിൽ ഹിസ്റ്ററി പഠനവകുപ്പിൽ ഒന്നാം വർഷ എം.എ.ഹിസ്റ്ററി (സി.എസ്.എസ്.) 2020 – 21 പ്രോഗ്രാമിൽ എസ്.ടി. വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്. അർഹരായിട്ടുള്ളവർ അസൽ രേഖകളുമായി നവംബർ 19 ന് രാവിലെ 10 മണിക്ക് ഡിപ്പാർട്ട്മെന്റ് ഓഫീസിൽ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 – 2308839, 09446533386 എന്ന നമ്പറുകളിൽ ബന്ധപ്പെടുക.

കേരളസർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസിലെ ബയോടെക്നോളജി പഠനവകുപ്പിൽ ഒന്നാം വർഷ എം.എസ്.സി. ബയോടെക്നോളജി (സി.എസ്.എസ്.) 2020 –22 പ്രോഗ്രാമിൽ എസ്.ടി. വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്. അർഹരായിട്ടുള്ളവർ അസൽ രേഖകളുമായി നവംബർ 18 ന് രാവിലെ 11 മണിക്ക് പഠനവകുപ്പ് മേധാവി മുൻപാകെ ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾക്ക് 0471 – 2308778, 8921031690 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

## ടൈംടേബിൾ

നവംബർ 18 മുതൽ ആരംഭിക്കാനിരുന്ന എട്ടാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബി.എ.എൽ.എൽ.ബി./ബി.കോം.എൽ.എൽ.ബി./ബി.ബി.എ.എൽ.എൽ.ബി. ഡിഗ്രി പരീക്ഷകൾ നവംബർ 23 മുതൽ പുനഃക്രമീകരിച്ചിരിക്കുന്നു. ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

2020 നവംബറിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ ബി.എ.ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ (2019 അഡ്മിഷൻ – റെഗുലർ/2018 അഡ്മിഷൻ – ഇംപ്രൂവ്മെന്റ്/2015 – 2017 അഡ്മിഷൻ സപ്ലിമെന്ററി) (2013 സ്കീം) പരീക്ഷാ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

വിദൂരവിദ്യാഭ്യാസപഠനകേന്ദ്രം നടത്തുന്ന എം.എച്ച്.ആർ.എം.(മാസ്റ്റർ ഓഫ് ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ്) കോഴ്സിന്റെ ഡിസംബർ 7 ന് ആരംഭിക്കുന്ന ഒന്നും രണ്ടും വർഷ മേഴ്സി ചാൻസ് പരീക്ഷയുടെ (2008 അഡ്മിഷൻ 2003 സ്കീം) ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

ആഗസ്റ്റിൽ നടത്താനിരുന്ന നാലാം വർഷ ബി.എഫ്.എ. (പെയിന്റിംഗ്, സ്കൾപ്ച്ചർ ആന്റ് അപ്ലൈഡ് ആർട്ട്) പരീക്ഷകൾ നവംബർ 20 ലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

കമ്പൈൻഡ് ഒന്ന് രണ്ട് സെമസ്റ്റർ, മൂന്നാം സെമസ്റ്റർ, നാലാം സെമസ്റ്റർ, അഞ്ചാം സെമസ്റ്റർ ബി.ആർക്ക്. (2013 സ്കീം) സപ്ലിമെന്ററി പരീക്ഷകളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ നവംബർ 24 വരെയും 150 രൂപ പിഴയോടെ നവംബർ 27 വരെയും 400 രൂപ പിഴയോടെ ഡിസംബർ 1 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

<u>പരീക്ഷാഫലം</u>

2020 ജൂലൈയിൽ നടത്തിയ എം.എ.പൊളിറ്റിക്കൽ സയൻസ് 2018–2020 ബാച്ച് (സി.എ സ്.എസ്.) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

വിദൂരവിദ്യാഭ്യാസപഠനകേന്ദ്രം 2020 ജനുവരിയിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ എം.എ.ഇംഗ്ലീഷ് (2018 അഡ്മിഷൻ/സപ്ലിമെന്ററി 2017 അഡ്മിഷൻ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എസ്.സി.ബോട്ടണി ആന്റ് ബയോടെക്നോളജി, ബി.എസ്.സി. ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (2019 അഡ്മിഷൻ റെഗുലർ, 2018 അഡ്മിഷൻ – ഇംപ്രൂവ്മെന്റ്, 2017, 2016, 2015 & 2014 അഡ്മിഷൻ – സപ്ലിമെന്ററി) കോഴ്സുകളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യ നിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 20 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം
16.11.2020

**e-mail: ku.release@gmail.comwebsite: www.keralauniversity.ac.in University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**